# മഴവില്ല്





# ആശംസകൾ

കേരള ഇൻഫ്രാസ്ടക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് സാങ്കേതികരംഗത്ത് വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന ലിറ്റിൽ കൈറ്റ്സിനും 2019-20 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിച്ച ഡിജിറ്റൽ മാഗസിനും പിന്നിൽ പ്രവർത്തിച്ചവർക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
അനിൽ മാത്യൂസ്



# ***LITTLE KITES* 2019-21**





## ഉള്ളടക്കം

മഴവില്ല്...........................................1
ആശംസകൾ..................................2
ലിറ്റിൽ കൈറ്റ്സ് 2019-21...............3
എഡിറ്റോറിയൽ..............................5
എഡിറ്റോറിയൽ ബോഡ്.................6
സ്നേഹമാണെൻ അമ്മ.......................7
സാഹിത്യ ക്യിസ്സ്............................8
കുസൃതി ചോദ്യങ്ങൾ.........................9
വേർപാടിന്റെ നൊമ്പരം.....................10
പൂമ്പാറ്റ..........................................12
വിനയം.........................................13
പ്രളയം പറയുന്നത്..........................14
പ്രകൃതി........................................17
വൃക്ഷം ഒരു വരം............................18


Happy
Onam





പ്രിയ ചങ്ങാതിമാരെ മലയുടെ അളം മലയാളം മഹാപ്രളയത്തിൽ മുങ്ങിപ്പോകുന്ന കാഴ്ച നേരികണ്ടവരും അനുഭവിച്ചറിഞ്ഞവരുമാണ് നമ്മൾ. ഇത് അതിജീവനത്തിന്റെ നവകേരളസ്രൃഷ്ടിയുടെ കാലമാണ്.എല്ലാം പുതുതാകുമ്പോൾ നമ്മുടെ ഭാഷയിലും ചിന്തയിലും

ഒക്കെ അതു പ്രതിഫലിക്കേണ്ടതുണ്ട്.

നമ്മൾ കുട്ടികൾ ഭാഷയെ ,സാഹിത്യത്തെ ,കലയെ ഒക്കെ സ്നേഹിക്കുന്ന കാലഘട്ടമാണ് ഹൈസ്കൂൾ ജീവിതം. അതുകൊണ്ടുതന്നെ കുഞ്ഞമനസ്സുകളിൽ രൂപംകൊള്ളുന്ന സർഗ്ഗാത്മകതകളോരോന്നും കുത്തികുറിച്ചിടേണ്ടതുണ്ട്. വരും താളുകളിൽ അങ്ങനെയുള്ള ചില കോറിയിടലുകൾ കഥയും കവിതയും ലേഖനവും ചിത്രങ്ങളുമൊക്കെയായികിടപ്പുണ്ട്. കണ്ണോടിക്കുമ്പോൾ കുറവുകൾ ഏറെ കണ്ടേക്കാമെങ്കിലും ഭാഷയെ സാഹിത്യത്തെ കലയെ അളവറ്റു സ്നേഹിക്കുന്നവർക്കുമുന്നിലേക്ക് പ്രളയജലത്തിൽ ചാലിച്ച കുരുന്നുളലികയിൽമെനഞ്ഞെടുത്ത ഈ സാഹിത്യോപഹാരം സമർപ്പിക്കുന്നു.

സ്നേഹപൂർവം

എഡിറ്റർ.....




നെവിൻ ജോർജ്ജ് മാത്യു

# <u>സ്നേഹമാണെൻ അമ്മ</u>



# സാഹിത്യ ക്വിസ്

1. മലയാളത്തിലെ ആദ്യത്തെ നോവൽ ?

   കുന്ദലത

2. മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ ഏത് ?

   ഇന്ദുലേഖ

3. ഈ വർഷത്തെ വയലാർ അവാർഡ് ലഭിച്ചതാർക്ക് ?

   വി. ജെ. ജെയിംസ്

4. കേരളപാണിനി എന്നറിയപ്പെടുന്നതാര് ?

   ഏ. ആർ. രാജരാജവർമ്മ

5. വാൽമീകി രാമായണം മലയാളത്തിലേക്ക് തർജ്ജിമ ചെയ്തതാര് ?

   വള്ളത്തോൾ നാരായണമേനോൻ

ബിൻസ ബിനു



# കുസൃതി ചോദ്യങ്ങൾ

അടിച്ചാൽ കേറാത്ത ആണി?

ബിരിയാണി

അടിക്കാൻ പറ്റാത്ത വടി?

കാവടി

ആരും സ്വീകരിക്കാത്ത പണം ?

ആരോപണം

ആരും തോടാത്ത കറി ?

മെർക്കുറി

ഒരിക്കലും പൂക്കാത്ത മാവ്

ആത്മാവ്

ചെടിയിൽ പൂക്കാത്ത പൂവ്? ഷാംപൂ

പുല്ലിൽ മേയാത്ത മാൻ ഹനുമാൻ

ഗീവർഗ്ഗീസ്

# വേർപാടിന്റെ നൊമ്പരം




അറിവിൻ ആഴിയാമെൻ
വിദ്യാലയമേ വന്ദനം
പാലരുവിപോലൊഴുകുമാ-
മൃറിവുകൾ എൻ കാതിൽ
മെല്ലെയോതിയ എൻ
ഗുരുക്കളെ വന്ദനം
ഒരു ശലഭമായി പറന്നെത്തി
ഞാനെൻ കൊച്ചു  വിദ്യാലയത്തിൽ
ഒരു പിടി തേൻ നുകരുവാൻ
വർണ്ണങ്ങൾ വരച്ചുകാട്ടീടും
മഴവില്ലുപോലെ
നിറങ്ങളാൽ നിർമ്മിതമായെൻ
കൊച്ചുവിദ്യാലയത്തിൽഒരു മഴക്കാലത്തെൻ
കുടക്കീഴിൽ ഓടിയെത്തിയ വാനമ്പാടിയാമെൻ കൂട്ടുകാരി
എത്രയോ പവിത്രമാ-
മോർമകൾ  പങ്കുവച്ചീടും

ഓരോ  നിമിഷിവുമെൻ
മനസ്സിൽ ജലിച്ചു നിന്നു നീ




ജസ്റ്റിൻ തോമസ് വർഗ്ഗീസ്


പൂമ്പാറ്റ
പൂമ്പാറ്റേ പൂമ്പാറ്റേ ഇത്ര വേഗം
പറന്നു നീ എവിടെ പോകുന്നു.
മിന്നുന്ന പട്ടുടുപ്പ് ആരു തന്നതാ
എന്റെ കൂടെ കുറച്ച് നേരം കളിച്ചിടാമോ ?
കൂട്ടുകാരായി കളിച്ചീടാം.
ആകാശത്തോളം നിന്റെ കഴിവ്
എന്നെയും ഒന്നു പഠിപ്പിക്കാമോ?.
ലിൻസ് ലാലു

# വിനയം

വൃക്ഷം നിറയെ ഫലമാകുമ്പോൾ

വൃക്ഷം തനിയെ താഴുന്നു.......

ചെടിയിൽ നിറയെ പൂ വിരിയുമ്പോൾ

ചെടികൾ തനിയെ താഴുന്നു.

മാനം നിറയെ കാർമേഘം മൂടുമ്പോൾ

താനെ മഴ പെയ്യുന്നു

അറിവുകൾ നമ്മളിൾ നിറയുമ്പോൾ


വിനയം നമ്മളിൽ ഉണ്ടാകണം

അക്സ മോനായി

# പ്രളയം പറയുന്നത്

ഞാൻ നിങ്ങളെ പ്രളയത്തിലാക്കിയ ജലം  എന്നോട് ക്ഷമിക്കണം. ഞാൻകാരണം എത്രഎത്ര  ജീവനുകളാണ് കൊണ്ടുപോയത്. അതിൽ ഭയങ്കര ദുഖഃമുണ്ട് എനിക്ക്. എന്റെ മുകളിലൂടെ    ആരും പോയില്ല ആരുടെയും ജീവൻ സംരക്ഷിക്കാൻ ആർക്കും ധൈര്യം ഉണ്ടായില്ല. എന്നാൽ  എനിക്ക് അഭിമാനിക്കാൻ  ഒരു കാര്യം ഉണ്ട്  എന്റെ സഹോദരിയുടെ  മക്കളായ കടലിന്റെ മക്കളായ മത്സ്യ തൊഴിലാളികൾ എന്റെ മുകളിലൂടെ പോയി ജീവനെ രക്ഷിച്ചു  ഞാൻ കാരണം  എത്ര മിണ്ടാ പ്രാണികളുടെ ജീവനാണ് നഷ്ടമായത്. ഞാൻ അതിൽ ഖേദിക്കുന്നു. നിങ്ങൾ എന്നോട് കാണിക്കുന്ന ക്രൂരതകൾ തടയാൻ  ഇതേ  ഒരു വഴിയുള്ളായിരുന്നു. നിങ്ങൾ എന്നിലിടുന്ന മാലിന്യം എന്നിൽ  അടിഞ്ഞുകൂടുന്നു . അവ കാരണം എനിക്ക് ഒഴുകാനുള്ള  ശേഷി നഷ്ടപെട്ടിരിക്കുന്നു. എന്നിൽ വസിക്കുന്ന പാവം മീനുകൾക്ക്  അവയുടെ  വാസസ്ഥലം നഷ്ടപെട്ടുപോകുന്നു . എന്നെ ദ്രോഹിച്ചാലും  ഞാൻ സഹിക്കും  .

എന്നാൽ എന്നിൽ വാഴുന്ന പാവം ജീവികളെ  എന്തെങ്കിലും ചെയ്താൽ ഞാൻ  അതിന് തക്കതായ മറുപടി നൽകും  എന്ന് ചിന്തിക്കാൻ നിങ്ങൾ പഠിക്കണം . ഞാൻ കാരണമാണ്



കുടിക്കാൻ ജലം ലഭിക്കുന്നതെന്ന് മനസിലാക്കണം കുറച്ച് നാളുകൾ കൂടി കഴിഞ്ഞാൽ ചിലപ്പോൾ എന്നെ കാണില്ല എന്നും ഓർക്കണം പണ്ടത്തെ കാലത്ത് ഞാൻഎന്തു സുന്ദരിയായിരുന്നു . അന്നത്തെ എന്നെ കണ്ടാൽ ഞാൻ തന്നെ ഞെട്ടിപോയിരുന്നു . പക്ഷേ ഇപ്പോൾ എനിക്ക് അത് ഓർക്കാൻ സാധിക്കുന്നില്ല . എന്നാൽ നിങ്ങൾ എന്നെ സഹായിച്ച കഴിഞ്ഞാൽ വേണമെങ്കിൽ ഞാൻ പഴയ രൂപത്തിലായെന്നു വരാം . നിങ്ങൾക്ക് ഞാൻ ഒരു കാര്യം കൂടി പറഞ്ഞു തരാം . അന്ന് ആ ഡാം തുറന്നില്ലായിരുന്നുവെങ്കിൽ ഞാൻ അത്രയും ഭീകരമായ ഒന്നായി മാറില്ലായിരുന്നു . വീടുകൾ നശിക്കുകയില്ലായിരുന്നു . ജീവനുകൾ നഷ്ടമാകില്ലായിരുന്നു.



## വിനയം

വൃക്ഷം നിറയെ ഫലമാകുമ്പോൾ
വൃക്ഷം തനിയെ താഴുന്നു......
ചെടിയിൽ നിറയെ പൂവിരിയുമ്പോൾ
ചെടികൾ തനിയെ താഴുന്നു.......
മാനം നിറയെ കാർമേഘം മൂടുമ്പോൾ
താനെ മഴ പെയ്യുന്നു
അറിവുകൾ നമ്മളിൽ നിറയുമ്പോൾ
വിനയം നമ്മളിൽ ഉണ്ടാകണം.

അക്സ മോനായി, നിതിൻ എബ്രഹാം








# പ്രകൃതി

പ്രകൃതിയാം അമ്മേ ഞാൻ സ്നേഹിക്കുന്നു
പ്രകൃതിയാം അമ്മേ ഞാൻ ചുംബിക്കുന്നു
കാണുന്നു ഞാനതിൻ ആഴങ്ങളിൽ
കേൾക്കുന്നു ഞാനതിൻ മണിമുഴക്കം

അമ്മയടുത്തില്ലായെങ്കിലും ആഗ്രഹം
അമ്മയെയൊന്നു സ്നേഹിക്കാൻ
സ്നേഹമറിയുവാൻ ചെല്ലുന്നു നാം ദൂരെ
പ്രകൃതിയാം അമ്മേ നാം സ്നേഹിക്കുവാൻ

പതിനാലു ലോകം കാണുന്നു സ്നേഹത്തിൻ
പാതയിൽ പ്രകൃതിയെ സ്നേഹിച്ചിടാം
തേങ്ങുന്നു പക്ഷിതൻ കുഞ്ഞിനെ ഓർത്തിത
തേനൂറും സ്നേഹത്തിൻ വിടവാങ്ങലായി.

**ലക്ഷ്മി ബിനോജ്**



# വൃക്ഷം ഒരു വരം

മരം ഒരു വരം

മരമാണ് ദൈവം

വൃക്ഷം ഇല്ലെങ്കിൽ

നാമില്ല

വൃക്ഷം നമ്മുടെ വരദാനം


നാടിൻ സമ്പത്താണ്

വൃക്ഷം നാം വെട്ടിനശിപ്പിക്കരുത്

മരം ഒരു വരം

മരമാണ് ദൈവം

റിൻസുമോൾ തോമസ്


പ്രളയം 2018
വിണ്ടും


Save Kerala
from flood
Food
by VivekKulapuarabharan



# നായ

നായക്കുട്ടാ നായക്കുട്ടാ

രാത്രിയിലെന്തിനു ഓലിയിടുന്നു

കാലൻ ചേട്ടൻ വന്ന വിവരം

നാട്ടാരെല്ലാം അറിയാനായി



## തൂലികാനാമവും യഥാർത്ഥ നാമവും

1. എം. ഡി.

   എം. ഡി. വാസുദേവൻ നായർ

2. ഒ. എൻ. വി

   ഒ. എൻ. വി. കുറുപ്പ്


3. ഉറൂബ്

   പി.സി കുട്ടികൃഷ്ണൻ

4. വിലാസിനി

   എം. കെ മേനോൻ

അൻസു അന്ന സുനിൽ






# അമ്മ

അറിവിന്റെ ആദ്യത്തെ അക്ഷരം അമ്മ
കനിവിന്റെ വറ്റാത്തയുറവയാണമ്മ
ഉയിരിന്റെ ഉത്സവ സ്ഥാനമാണമ്മ
സ്നേഹസാഗരത്തിന്റെ നിറകുടം അമ്മ
എല്ലാം സഹിക്കുന്ന ശക്തിയാണമ്മ
വീടിന്റെ വിളക്കായ ദേവിയാണമ്മ
സൃഷടി സ്ഥിതിലയ താളമാണമ്മ
എന്നും വിളങ്ങുന്ന നന്മയാണമ്മ

ഭാഗ്യ ഷിബു



നന്ദി.....

"മഴവില്ല്" എന്ന നമ്മുടെ ഈ-മാഗസിൻ
തയ്യാറാക്കാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി

അറിയിക്കുന്നു..................

•

